بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الکريم O وعلیٰ عبده المسيح الموعود

ഖുത്ബ നമ്പർ

# 21

24-05-2013

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

اِنَّمَا كَانَ قَوْلَ الْمُؤْمِنِيْنَ اِذَا دُعُوْۤا اِلَى اللّٰهِ وَ رَسُوْلِهٖ لِيَحْكُمَ بَيْنَهُمْ اَنْ يَّقُوْلُوْا سَمِعْنَا وَ اَطَعْنَا ؕ وَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿۵۲﴾

وَمَنْ يُّطِعِ اللّٰهَ وَرَسُوْلَهٗ وَيَخْشَ اللّٰهَ وَيَتَّقْهِ فَاُولٰٓئِكَ هُمُ الْفَآئِزُوْنَ ﴿۵۳﴾

وَاَقْسَمُوْا بِاللّٰهِ جَهْدَ اَيْمَانِهِمْ لَئِنْ اَمَرْتَهُمْ لَيَخْرُجُنَّ ؕ قُلْ لَّا تُقْسِمُوْا ۚ طَاعَةٌ مَّعْرُوْفَةٌ ؕ اِنَّ اللّٰهَ خَبِيْرٌۢ بِمَا تَعْمَلُوْنَ ﴿۵۴﴾

قُلْ اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ ۚ فَاِنْ تَوَلَّوْا فَاِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُمْ مَّا حُمِّلْتُمْ ؕ وَاِنْ تُطِيْعُوْهُ تَهْتَدُوْا ؕ وَمَا عَلَى الرَّسُوْلِ اِلَّا الْبَلٰغُ الْمُبِيْنُ ﴿۵۵﴾

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِى الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۠ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِى ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِىْ لَا يُشْرِكُوْنَ بِىْ شَيْئًا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿۵۶﴾

وَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ وَاَطِيْعُوا الرَّسُوْلَ لَعَلَّكُمْ تُرْحَمُوْنَ ﴿۵۷﴾

24: 52 – 57

ഞാൻ പാരായണം ചെയ്ത വചനങ്ങളിൽ അല്ലാഹു പറയുന്നു, വിശ്വാസികൾക്കിടയിൽ (വല്ല കാര്യത്തിലും) തീരുമാനം കൽപ്പിക്കുവാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽ, തങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്ന് പറയുക മാത്രമായിരിക്കും അവരുടെ മറുപടി. അവർ തന്നെയാണ് വിജയികൾ.

ആരെങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ അവർ തന്നെയാണ് വിജയികൾ.

നീ അവരോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും തങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിനായി പുറപ്പെടുന്നതാണ് എന്ന് അല്ലാഹുവിനെ മുൻനിർത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക, നിങ്ങൾ സത്യം ചെയ്യേണ്ട, സാധാരണ നിലയിൽ അറിയപ്പെട്ട അനുസരണമാണ് വേണ്ടത്. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു.

പറയുക, അല്ലാഹുവിനെ അനുസരിക്കുക, ദൂതനെയും അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞു പോകുന്നതായാൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതു മാത്രമേ അദ്ദേഹത്തിനു ബാധകമാകുകയുള്ളൂ. നിങ്ങളെ ചുമതലപ്പെടുത്തിയത് നിങ്ങൾക്കും ബാധകമാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കും. വ്യക്തമായ നിലയിൽ സന്ദേശം എത്തിക്കുകയല്ലാതെ ദൈവദൂതന് വേറെ ഒരു ബാധ്യതയുമില്ല.

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുകയും, അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്, എന്നോട് മറ്റൊന്നിനേയും അവർ പങ്കു ചേർക്കുകയില്ല. അതിനു ശേഷം ആരെങ്കിലും നിഷേധിക്കുന്നതായാൽ അവർ തന്നെയാണ് ധിക്കാരികൾ.

നിങ്ങൾ നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി.

മെയ് മാസത്തിൽ അഹ്മദിയ്യാ ജമാഅത്തിന് ഒരു വിശേഷ ദിവസമുണ്ട്. അതായത് മെയ് 27 ാം തിയ്യതി ഖിലാഫത്ത് ദിനമായി ജമാഅത്ത് ആചരിക്കുന്നു. അതിനിനി മൂന്ന് ദിവസം ബാക്കിയുണ്ട്. തൽസംബന്ധമായി ഞാൻ ചിലത് പറയുന്ന താണ്.

1908 മെയ് 26 അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമായ ഒരു ദിവസമായിരുന്നു. പലരുടെയും വിശ്വാസങ്ങളെ ഇളക്കി മറിച്ച ദിവസമായിരുന്നു. ചില പ്രകൃതങ്ങളെ അസ്വസ്ഥരാക്കിയ ദിവസമായിരുന്നു. ശത്രുക്കളുടെ സംബന്ധിച്ചിടത്തോളം ജമാഅത്തംഗങ്ങളെയും ജമാഅത്തിനെയും വ്രണപ്പെടുത്തുന്നതിനുള്ള ദിവസമായിരുന്നു. അഹ്മദിയ്യാ ചരിത്രം വായിക്കുമ്പോൾ അത്ഭുതമുളവാക്കുന്ന തരത്തിലുള്ള ശത്രുക്കളുടെ പ്രവർത്തനങ്ങൾ കാണാവുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ദേഹവിയോഗ സമയത്ത് അവർ ചെയ്ത പ്രവർത്തനങ്ങൾ കാണുമ്പോൾ മനുഷ്യന് ഇത്രത്തോളം അധ:പതിക്കാൻ കഴിയുമോ എന്ന് തോന്നിപ്പോകും. സ്വയം മുസ്ലിം എന്ന് വിശേഷിപ്പിച്ചു കൊണ്ട്, സ്വയം തങ്ങളെ റഹ്മത്തുൻലിൽ ആലമീന്റെ സംഘത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നത്. ഏതായാലും അവർ തങ്ങളുടെ പ്രകൃതത്തിനനുസരിച്ചാണ് പ്രകടിപ്പിക്കുന്നത്. എന്നാൽ മെയ് 27 ാം തിയ്യതി അല്ലാഹുവിന്റെ വിധിയും നടപ്പിലാ

കുന്നു. അവന്റെ വാഗ്ദാനം പൂർത്തിയാകുന്നു. മെയ് 27 അഹ്മദിയ്യാ ജമാഅത്തിന് ശാന്തിയുടെ സന്ദേശവുമായാണ് പുലർന്നത്. ഹദ്റത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു നൽകിയ വാഗ്ദാനം പൂർത്തിയാകുന്നു എന്ന സുവാർത്തയുമായിട്ടാണ് സമാഗതമായത്. ശത്രുക്കളെ അതിന്റെ അഗ്നിയിൽ എരിയുന്നവരാക്കിക്കൊണ്ടാണ് സമാഗതമായത്. അവരുടെ സന്തോഷങ്ങളെ ചവിട്ടിമെതിക്കുന്ന ദിവസമായിട്ടാണ് സമാഗതമായത്. അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ആ ദിനം ഒരു സാധാരണ ദിനമല്ല. ആ ദിവസത്തിന് വളരെ പ്രാധാന്യമുണ്ട്. നബി(സ) യുടെ പ്രവചനങ്ങളിലേക്ക് ശ്രദ്ധിക്കുമ്പോൾ അതിന്റെ പ്രാധാന്യം കൂടുതൽ വർദ്ധിക്കുന്നു.

മുസ്ലിം സമുദായത്തിന്റെ ഭൂരിഭാഗവും വളരെ നിരാശയോടു കൂടിയാണ് അഹ്മദിയ്യാ ജമാഅത്തിനെ വീക്ഷിക്കുന്നത്. നിരാശയോടെയല്ല മറിച്ച് അസൂയയോടു കൂടിയാണ് വീക്ഷിക്കുന്നത് എന്ന് പറയേണ്ടതാണ്. കാരണം അവരിൽ ഖിലാഫത്ത് സ്ഥാപിതമായിരിക്കുന്നു. സ്വയം തങ്ങളിൽ ഇത് സ്ഥാപിതമാക്കുന്നതിനായി അവർ പല ശ്രമങ്ങളും നടത്തിക്കഴിഞ്ഞിരിക്കുന്നു, നടത്തി കൊണ്ടിരിക്കുന്നു. എന്നാൽ എപ്പോഴും പരാജയമാണ് സംഭവിച്ചിട്ടുള്ളത്. കാരണം അവർ നബി(സ)യുടെ വ്യക്തമായ കല്പനയേയും നിർദ്ദേശത്തേയും നിഷേധിക്കുകയാണ് ചെയ്യുന്നത്. നബി(സ) തിരുമേനി പറഞ്ഞത്, വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും വെളിപ്പെടുമ്പോൾ സ്വയം പ്രയാസമനുഭവിച്ചു കൊണ്ടും, മഞ്ഞു കട്ടകളിലൂടെ മുട്ടിൽ ഇഴഞ്ഞു പോകേണ്ടി വന്നാൽ പോലും അദ്ദേഹത്തിനടുക്കൽ പോകുകയും സലാം എത്തിക്കുകയും ചെയ്യണം എന്നാണ്. പിന്നീട് നബി(സ) അടയാളങ്ങളും പറഞ്ഞു തന്നു കൊണ്ട് അത് പൂർത്തിയായാൽ വാദിക്കുന്ന ആൾ സത്യവാനായിരിക്കും എന്ന് പറഞ്ഞു തന്നു. അതിൽ ആകാശീയവും ഭൗമികവുമായ അടയാളങ്ങളുണ്ട്. പലപ്പോഴും ജമാഅത്ത് ഇവ സമർപ്പിക്കാറുണ്ട്. ജമാഅത്തിന്റെ വിരോധികൾക്ക് മുന്നിലും സമർപ്പിക്കാറുണ്ട്. അതിനാൽ അത് ഞാൻ വിശദീകരിക്കുന്നില്ല. എന്നാൽ നിഷേധികളുടെ ദൗർഭാഗ്യമെന്ന് പറയട്ടെ, ഒന്നുകിൽ ഭൗതിക പ്രശ്നങ്ങളുടെ കാരണത്താൽ അല്ലെങ്കിൽ നാമധാരികളായ ദീനി പണ്ഡിതന്മാരുടെ ഭയത്താൽ അല്ലെങ്കിൽ നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളിൽ ശ്രദ്ധിക്കാത്ത കാരണത്താൽ വാദം പുറപ്പെടുവിച്ച വ്യക്തിയെ സ്വീകരിച്ചില്ലെന്നു മാത്രമല്ല മറിച്ച് ശത്രുതയിൽ തീവ്രത കൈവരിക്കുകയും ചെയ്തിരിക്കുന്നു. ഈ ദൈവനിയോഗിതനോടുള്ള ഭയത്താൽ അദ്ദേഹത്തിനെതിരിൽ ഭരണകൂടം അങ്ങേയറ്റം മോശവും വെറുപ്പുളവാക്കുന്നതുമായ ഭാഷയിൽ ശത്രുത വെളിപ്പെടുത്തുകയും, പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത് നിയോഗിതന്റെ സമയമാണെന്ന് കാലം വിളിച്ച് പറയുന്നു എന്നറിഞ്ഞിട്ടു കൂടിയാണ് അവർ ഇത് ചെയ്യുന്നത്.

അല്ലാഹു അടയാളങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞു. അടയാളം വെളിപ്പെടുത്തികൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവർ അല്ലാഹുവിനാൽ നിയോഗിതനായ വ്യക്തിയെ എതിർത്തു കൊണ്ടിരിക്കുകയാണ്. ഓരോ എതിർപ്പിന് ശേഷവും ഓരോ പുതിയ വിപത്തിൽ അകപ്പെടുകയും ചെയ്യുന്നു. എന്നാലും എതിർപ്പ് ഉപേക്ഷിക്കുന്നില്ല. ഇതിനെ അവരുടെ ദൗർഭാഗ്യമെന്നല്ലാതെ മറ്റെന്താണ് പറയുക?

ഏതായാലും ഞാൻ പറഞ്ഞത് പോലെ ഇതൊരു സവിശേഷ ദിവസമാണ്. അതിനെ സംബന്ധിച്ച് നബിതിരുമേനി (സ) തന്റെ പ്രവചനത്തിലൂടെ അറിയിപ്പ് നൽകിയിട്ടുണ്ട്. കൃത്യമായ തിയ്യതിയോടു കൂടിയല്ലായെങ്കിലും ആദ്യം വാഗ്ദത്ത മസീഹായ തന്റെ സത്യപ്രേമിയുടെ ആഗമനത്തെ സംബന്ധിച്ച് അറിയിപ്പ് നൽകുകയും പിന്നീട് ഖിലാഫത്തിനെ സംബന്ധിച്ച് പരാമർശിച്ചു കൊണ്ട് നബി (സ) പ്രവചനം ചെയ്തിരുന്നു.

നബി(സ) ഒരു കാര്യത്തെ സംബന്ധിച്ച് വിളംബരപ്പെടുത്തിയിരുന്നു എന്നതിനേക്കാൾ വലിയ സവിശേഷത മറ്റെന്താണുള്ളത്? നബി(സ) തിരുമേനിയുടെ ഒരു ഹദീസുണ്ട്. ഹദ്റത് ഹുദൈഫ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറയുന്നു, നിങ്ങളിൽ അല്ലാഹു ഇച്ഛരിക്കുന്നത് വരെ പ്രവാചകത്വം നിലനിൽക്കുന്നതാണ്. പിന്നീട് അവനതിനെ എടുത്തുകളയുന്നതാണ്. പിന്നീട് പ്രവാചക പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. പിന്നീട് അല്ലാഹു ഇച്ഛരിക്കുമ്പോൾ അതിനെയും എടുത്തു കളയുന്നതാണ്. പിന്നീട് അവന്റെ വിധിയനുസരിച്ച് രാജഭരണം സ്ഥാപിതമാകുന്നതാണ്. അതിൽ ജനങ്ങൾ വീർപ്പുമുട്ടുന്നതാണ്. പിന്നീട് ഈ കാലഘട്ടം അവസാനിക്കുമ്പോൾ അവന്റെ മറ്റൊരു വിധിയനുസരിച്ച് അതിനേക്കാൾ ക്രൂരമായ രാജഭരണം സ്ഥാപിതമാകുന്നതാണ്. പിന്നീട് അല്ലാഹുവിന്റെ കാരുണ്യം അലയടിക്കുകയും ഈ ദുരിതപൂർണ്ണമായ കാലഘട്ടത്തെ അവസാനിപ്പിക്കുകയും ചെയ്യുന്നതാണ്. അതിനെ തുടർന്ന് പ്രവാചക പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. അത് പറഞ്ഞതിനു ശേഷം നബി(സ) മൗനം അവലംബിച്ചു.

ആദ്യത്തിൽ നബി(സ) തിരുമേനി തന്റെ പ്രവാചകത്വത്തെ സംബന്ധിച്ച് പറഞ്ഞു. പിന്നീട് ഖിലാഫത്തെ റാശിദയുടെ സ്ഥാപനത്തെ സംബന്ധിച്ച് പറഞ്ഞു. അത് പ്രവാചക പാതയിൽ മുന്നോട്ട് ഗമിക്കുന്നതായിരിക്കും. ഖിലാഫത്തെ റാശിദ എന്നറിയപ്പെടുന്ന ഈ ആദ്യ നാല് ഖിലാഫത്തും എപ്രകാരമാണ് ഭൗതിക അന്തസിനേയും പ്രൗഢിയെയും തിരസ്ക്കരിച്ചുകൊണ്ട് കേവലം അല്ലാഹുവിന് വേണ്ടി മാത്രമായി അവന്റെ തൃപ്തിയെ മാത്രം പരിഗണിച്ചുകൊണ്ട് ഖിലാഫത്തിന്റെ കടമ നിറവേറ്റിയതെന്ന് ലോകം കാണുകയുണ്ടായി. പിന്നീട് നബി(സ) യുടെ പ്രവചനം അക്ഷരം പ്രതി പുലർന്നു കൊണ്ട് മുസ്ലിംകളിൽ രാജഭരണം സ്ഥാപിതമായി. അതിൽ ചിലത് കൂടുതൽ ക്രൂരത കാണിച്ചിരുന്നതും ചിലത് അൽപം ക്രൂരത കാണിച്ചിരുന്ന ഭരണകൂടങ്ങളായിരുന്നു. അങ്ങിനെ ഖിലാഫത്ത് റാശിദയ്ക്ക് ശേഷം ഈ രാജഭരണം സ്ഥാപിതമായിക്കൊണ്ട് നബി(സ) യുടെ പ്രവചനം പൂർത്തിയായി. അക്രമങ്ങളും ബലാൽകാരങ്ങളും ഈ ഭരണകൂടങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നു. ദീനിനേക്കാൾ കൂടുതലായി ഭൗതികതയിലേക്കായിരുന്ന ഈ ഭരണകൂടങ്ങളുടെ ശ്രദ്ധ. തുടർന്ന് നബി(സ) പറഞ്ഞു, പിന്നീട് എപ്പോഴും സംഭവിക്കുന്നത് പോലെ അല്ലാഹു തന്റെ ദാസരുടെ മേൽ കരുണ ചൊരിയുന്നു. ഒരു ഇരുണ്ട ഘട്ടത്തിനു ശേഷം വീണ്ടും അല്ലാഹുവിന്റെ കാരുണ്യം അലയടിക്കുന്നതാണ്. ഈ പ്രയാസ

ങ്ങളുടെ ഘട്ടം അവസാനിക്കുന്നതാണ്. വീണ്ടും പ്രവാചക പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. പിന്നീട് നബി(സ) നിശബ്ദരായി എന്നാണ് ഹദീസുകളിൽ വന്നിട്ടുള്ളത്. ഈ ഹദീസിൽ വിചിന്തനം നടത്തുന്നവർക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നത്, ഖിലാഫത്ത് റാശിദയെ സംബന്ധിച്ച പ്രവചനവും തുടർന്ന് വന്ന അൽപം ക്രൂരത കാണിക്കുന്ന ഭരണത്തെയും പിന്നീട് വന്ന ക്രൂരമായ ഭരണകൂടത്തേയും സംബന്ധിച്ചുള്ള നബി(സ)യുടെ പ്രവചനങ്ങൾ പുലർന്നു കഴിഞ്ഞു, എന്നാൽ പ്രസ്തുത ഹദീസിന്റെ അവസാന ഭാഗം എന്ത് കൊണ്ട് പുലർന്നില്ല? എല്ലാ അടയാളങ്ങളും വെളിപ്പെട്ടുകഴിഞ്ഞു.

ഇതിനെ സംബന്ധിച്ച് وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്ന അല്ലാഹുവിന്റെ പ്രഖ്യാപനവുമുണ്ട്. അതായത് ഇത് വരെ ഇവരുമായി കണ്ടുമുട്ടാത്ത മറ്റൊരു കൂട്ടരിലും നിയോഗിക്കുന്നതാണ്. അങ്ങിനെ നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തിനുള്ള എല്ലാ സംവിധാനങ്ങളും അല്ലാഹു വീണ്ടും സജ്ജമാക്കുന്നതാണ്. പറയുന്നു, وَهُوَ الْعَزِيْزُ الْحَكِيْمُ അവൻ പ്രതാപവാനും യുക്തിജ്ഞനുമാകുന്നു.

ചുരുക്കത്തിൽ അല്ലാഹുവിന്റെ യുക്തി, തീരുമാനം കൽപ്പിക്കുകയും അവന്റെ കാരുണ്യം അലയടിക്കുകയും ചെയ്തപ്പോൾ ഈ രാജഭരണത്തിൽ നിന്നും മുസ്ലീംകളെ അല്ലാഹു മോചിപ്പിച്ചു കൊണ്ട് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിച്ചു.

അതിനാൽ നാം അഹ്മദികൾ സൗഭാഗ്യരാണ്. കാരണം നാം നബി(സ) തിരുമേനിയുടെ ഈ ഹദീസിന്റെ, ഈ പ്രവചനത്തിന്റെ ആദ്യ ഭാഗത്തെ സാക്ഷ്യപ്പെടുത്തുകയും അതിൽ വിശ്വസിക്കുകയും അത് പുലർന്നു എന്ന് വിശ്വസിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അതിന്റെ അവസാന ഭാഗത്തിലും വിശ്വസിക്കുന്നു. നബി(സ) യുടെ ആ വാക്കും പൂർത്തിയായി എന്നതിൽ നാം ദൃഢവിശ്വാസം കൈക്കൊള്ളുന്നു. നബി(സ) തിരുമേനിയുടെ മറ്റൊരു ഹദീസുമുണ്ട്.

وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ അതായത് ഇത് വരെ ഇവരുമായി കണ്ടുമുട്ടാത്ത മറ്റൊരു കൂട്ടരുമുണ്ടാകുന്നതാണ് എന്ന വചനത്തിൽ വിശ്വസിച്ചു കൊണ്ട്, കാലഘട്ട ത്തിന്റെ അവസ്ഥകളും എല്ലാ അടയാളങ്ങളും പുലർന്നതായി കണ്ടുകൊണ്ട് ആഗതരാകേണ്ട വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിലും മഹ്ദിയിലും നാം വിശ്വസിക്കുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) നെ നബി തിരുമേനി(സ) ഒരു ഹദീസിൽ അല്ലാഹുവിന്റെ നബി എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. മറ്റൊരിടത്ത് പറയുന്നു, എനിക്കും മസീഹിനുമിടയിൽ ഒരു നബിയും ഇല്ല. പിന്നീട് **ആഖരീന മിൻഹും** എന്ന വചനമനുസരിച്ച് അല്ലാഹു അവസാനകാല ഘട്ടത്തിൽ നിയോഗിതരാകേണ്ട വ്യക്തിയെ നബി(സ)യുടെ നിയോഗമായിട്ടു തന്നെ വിളംബരപ്പെടുത്തിയിരിക്കുന്നു. അതായത് ആഗതരാകേണ്ട വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് നബിതിരുമേനി(സ)യിൽ ലീനമായിക്കൊണ്ട് നബി(സ) യുടെ പ്രതിഛായ എന്ന നിലയിൽ നിയോഗിതരായിക്കൊണ്ട് പ്രവാചക പദവി കരസ്ഥമാക്കുന്നതാണ്.

നബി (സ) തിരുമേനി ഈ വചനത്തെ വ്യഖ്യാനിച്ചു കൊണ്ട് ഹദ്റത് സൽമാൻ ഫാരിസി (റ)ന്റെ തോളിൽ കൈ വെച്ചു കൊണ്ട് പറഞ്ഞു, വരേണ്ടുന്ന വ്യക്തി ഇവരിൽ നിന്നായിരിക്കും, അനറബികളിൽ നിന്നായിരിക്കും. വിശ്വാസം അപ്രത്യക്ഷമാകുമെന്നും കാർത്തിക നക്ഷത്രത്തോളം ഉയർന്നു പോകുമെന്നും അടയാളമായി പറഞ്ഞു. അതിനെ എല്ലാ പണ്ഢിതന്മാരും അംഗീകരിക്കുന്നുമുണ്ട്.

ഹദ്റത് മസീഹ് മൗഊദ് (അ) വാദം പുറപ്പെടുവിച്ച കാലത്തെ വിശ്വാസത്തിന്റെ അവസ്ഥ വളരെയധികം പരിതാപകരമായിരുന്നു. വിശ്വാസം ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായതു പോലെയായിരുന്നു. അങ്ങിനെ പ്രസ്തുത അടയാളങ്ങൾ പൂർത്തിയായി.

പുലർന്നു കഴിഞ്ഞ അടയാളങ്ങൾ വ്യക്തമാക്കുന്നത്, വരേണ്ടുന്ന വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് യഥാർത്ഥ സമയത്ത് തന്നെയാണ് വെളിപ്പെട്ടത് എന്നാണ്. ഇവിടെ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്ന ഒരു വസ്തുത, ഹദ്റത് മസീഹ് മൗഊദ് (അ) ഖാത്തമുൽ ഖുലഫാ എന്ന നിലയിൽ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തിന്റെ അത്യുന്നത പദവിയിൽ ഉപവിഷ്ഠരായിരുന്നു. വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് എന്ന നിലയിൽ, അല്ലാഹു പറഞ്ഞതനുസരിച്ച്, നബി(സ) യുടെ നിർദ്ദേശമനുസരിച്ച്, നബി(സ) യിൽ ലീനമായ കാരണത്താൽ നബിയുടെ പ്രതിഛായയുമായി. അദ്ദേഹം മുഖേന സ്ഥാപിതമായ ഖിലാഫത്ത് യഥാർത്ഥത്തിൽ നബിതിരുമേനി(സ)യുടെ മാർഗത്തിലാണ് സ്ഥാപിതമായിട്ടുള്ളത്. വിശുദ്ധ ഖുർആനാകുന്ന ശരീഅത്തിനെ മുസ്ലീംകളിൽ നടപ്പിലാക്കുക എന്നതാണ് അതിന്റെ ജോലി. കൂടാതെ വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ച് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവ്വഹിക്കുവാനും, നിർവ്വഹിപ്പിക്കുവാനും ശ്രമിക്കുക, റസൂൽ തിരുമേനി(സ)യുടെ ചര്യകളെ തങ്ങളുടെ മാർഗദീപമായി സ്വീകരിച്ചു കൊണ്ട് അത് പ്രാവർത്തികമാക്കുകയും, ജമാഅത്തിനെ അതിനനുസൃതമായി ഉപദേശിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.

ചുരുക്കത്തിൽ അഹ്മദിയ്യാ ഖിലാഫത്ത് ഇസ്ലാമിന്റെ പുനരുജ്ജീവനത്തിൽ ഖിലാഫത്തെ റാശിദയുടെ തുടർച്ചയാകുന്നു. അല്ലാഹുവിൽ നിന്ന് അറിവ് കരസ്ഥമാക്കികൊണ്ട് നബി തിരുമേനി (സ) ആദ്യ കാലഘട്ടത്തിലെ ഖിലാഫത്ത് ഒരു കാലത്തിന് ശേഷം നിലച്ചു പോകുമെന്ന് പറഞ്ഞിരിക്കുന്നു. രണ്ടാമത്തെ കാലഘട്ടത്തിലെ ഖിലാഫത്ത് എന്നെന്നും നിലനിൽക്കുതാണെന്ന സുവാർത്തയും നബി (സ) അല്ലാഹുവിൽ നിന്ന് അറിവ് കരസ്ഥമാക്കി കൊണ്ട് നൽകുകയുണ്ടായി. എന്നാൽ ആർക്കാണ്? നിശ്ചയമായും ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നതിന്റെ കടമകൾ പൂർത്തിയാക്കുന്നവർക്ക്, സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക്, സൽക്കർമങ്ങൾ ചെയ്യുന്നവർക്ക്, ആരാധനകളിൽ മുന്നേറുന്നവർക്ക്. അഹ്മദിയ്യാ ജമാഅത്തിൽ അംഗമായിക്കൊണ്ട് അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നതിന്റെ കടമകൾ പൂർത്തിയാക്കാത്ത ധാരാളം ആളുകളുണ്ട്. അതിനാൽ അല്ലാഹുവിന്റെ വിധി അവരെ ജമാഅത്തിൽ നിന്ന് പുറത്താക്കുന്നു. ഉത്തരവാദിത്വപരമായി അവരെ അഹ്മദിയ്യാ ജമാഅത്തിൽ നിന്നും അകറ്റി നിർത്തുന്നു. അല്ലെങ്കിൽ സ്വയം വിട്ടുപോകുന്നതായി വിളംബരപ്പെടുത്തുന്നു. എന്നാൽ ഇത്തരത്തിലുള്ളവർ വിട്ടുപോയ കാരണത്താൽ എന്നെങ്കിലും ജമാഅത്തിന് എന്തെങ്കിലും നഷ്ടം ഭവിച്ചിട്ടുണ്ടോ? എന്തെ

ങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ? ഒന്നിനു പകരമായി അല്ലാഹു ഒരു ജമാഅത്ത് സജ്ജമാക്കി തരുന്നു. ഉണങ്ങിയ ശാഖകൾ മുറിച്ചകറ്റപ്പെടുമ്പോൾ ഹരിതശാഖ മുമ്പത്തേക്കാളുപരി കിളിർക്കുന്നു.

ഖിലാഫത്ത് സംവിധാനം ഇനി നിലനിൽക്കുന്നതാണ് എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതിനാൽ അതിന്റെ സംരക്ഷണവും മേൽനോട്ടവും സ്വയം അല്ലാഹു ഏറ്റെടുത്തിരിക്കുകയാണ്. അല്ലാഹു തന്റെ ഏറ്റവും പ്രിയ നബിയുടെ വിളംബരത്തെ ഇല്ലാതാക്കുമെന്നത് അസാധ്യമാണ്. നിശ്ചയമായും ഈ പ്രവചനം പൂർത്തിയായിക്കഴിഞ്ഞു. പൂർത്തിയായിക്കൊണ്ടിരിക്കുന്നതുമാണ്. വിരോധികൾക്കും ദുർബല വിശ്വാസികൾക്കും ഇതിപ്പോൾ നശിച്ചു പോകുന്നതാണ് എന്ന് തോന്നിപ്പിക്കുന്ന അവസ്ഥകൾ ഉണ്ടാകുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ പിന്തുണയോടു കൂടിയുള്ള അടയാളങ്ങൾ ജമാഅത്തിനെ ഈ കാലഘട്ടത്തിൽ നിന്നും രക്ഷപ്പെടുത്തുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ദേഹവിയോഗം ഉണ്ടായപ്പോഴാണ് ഏറ്റവും ഭയാനകമായ നിലയിൽ ഹൃദയത്തെ പിടിച്ചു കുലുക്കുന്നതരത്തിലുള്ള അവസ്ഥ സംജാതമായത്. ശത്രുക്കൾ സന്തോഷിക്കുകയായിരുന്നു. അഹ്മദികൾ അസ്വസ്ഥരായിരുന്നു. എന്നാൽ ഹദ്റത് മസീഹ് മൗഊദ് (അ) ജമാഅത്തിനെ മുൻപേ തന്നെ അതിനായി സജ്ജരാക്കിയിരുന്നു. ആ മഹാത്മാവ് പറഞ്ഞിരുന്നു, ഇത്തരമൊരു ഘട്ടം സമീപസ്ഥമാണെന്ന് അല്ലാഹു വീണ്ടും വീണ്ടും എന്നെ അറിയിച്ചിരിക്കുന്നു. നിങ്ങൾ അതിൽ നിരാശരും അസ്വസ്ഥരും ആകേണ്ട ആവശ്യമില്ല. അൽ വസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതുന്നതും ഇതിൽ പരിഭ്രമിക്കരുത് എന്നാണ്. പ്രസ്തുത ഗ്രന്ഥത്തിൽ തന്റെ ഇഹലോകവാസം വെടിയുന്നതിനെ സംബന്ധിച്ച് പരാമശിക്കുന്നതിനോടൊപ്പം തന്നെ ജമാഅത്തിന്റെ ആത്മീയവും സാമ്പത്തികവും വ്യവസ്ഥാപിതവുമായ മാർഗങ്ങളെ കുറിച്ചും പരാമർശിക്കുന്നുണ്ട്. അതിന്റെ സ്ഥാപനത്തെ കുറിച്ചും അത് എന്നെന്നും നിലനിൽക്കുന്നതായിരിക്കുമെന്ന സുവാർത്തയും നൽകുന്നുണ്ട്. പറയുന്നു, 'പരിഭ്രമിക്കരുത്. ജമാഅത്തിന് വിജയം നൽകുമെന്നത് എന്നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്.' കാരണം ഈ ജമാഅത്തിന്റെ വിജയത്തെ സംബന്ധിച്ചും ഖിലാഫത്ത് സ്ഥാപിതമാകുന്നതിനെ സംബന്ധിച്ചും നബിതിരുമേനി (സ) പ്രവചനം നടത്തിയിട്ടുണ്ട്.

മസീഹ് മൗഊദ് (അ) എഴുതുന്നു, 'ധാരാളം അപകടങ്ങൾ സംഭവിക്കുമെന്നും പല വിപത്തുകളും ഭൂമിയിൽ ഇറങ്ങുമെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. ഇതിൽ ചിലത് എന്റെ ജീവിതകാലത്തും ചിലത് എന്റെ കാലശേഷവും വെളിപ്പെടുന്നതാണ്. ഈ പ്രസ്ഥാനത്തിന് അവൻ പൂർണ്ണമായ അഭിവൃദ്ധി നൽകുന്നതാണ്. ചിലത് എന്റെ കൈകളാലും ചിലത് എന്റെ കാലശേഷവും.'

പറയുന്നു, 'ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണ് പ്രത്യക്ഷപ്പെടാറുള്ളത്. ഒന്നാമതായി, പ്രവാചകന്മാരുടെ കരങ്ങളിലൂടെ സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാകുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിന് ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടി വരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങൾക്ക് ഭംഗം സംഭവിച്ചിരിക്കുന്നുവെന്ന് കരുതപ്പെടുകയും, ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥിരചിത്തതയ്ക്ക് തകരാറ് സംഭവിക്കുകയും ചെയ്യുന്നു. തുടർന്ന് പല ഹതഭാഗ്യരും പിന്തിരിഞ്ഞു പോകാൻ സന്നദ്ധരാകുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽ കൂടി വെളിപ്പെടുത്തിക്കൊണ്ട് ആപതിച്ചു കൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു.'

പറയുന്നു, 'രണ്ടാമത്തെ ദിവ്യതേജസ്സിനെ ദർശിക്കേണ്ടത് നിങ്ങൾക്ക് അനിവാര്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്. കാരണം അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാണ്.'

പറയുന്നു, 'ഞാൻ പോയാൽ അല്ലാഹു നിങ്ങൾക്ക് വേണ്ടി രണ്ടാം ദിവ്യ ശക്തിയെ അയക്കും. ബറാഹീനെ അഹ്മദിയ്യായിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അതെപ്പോ ഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും. ആ വാഗ്ദാനം എന്നെ കുറിച്ചുള്ളതല്ല മറിച്ച്, അത് നിങ്ങളെ പറ്റിയാകുന്നു. അല്ലാഹു പറയുന്നു, നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം നൽകുന്നതാണ്.'

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം കഴിഞ്ഞ 105 വർഷങ്ങളായി അല്ലാഹുവിന്റെ ഈ വാഗ്ദാനം പുലർന്ന് കൊണ്ടിരിക്കുന്നതായി കാണുന്നവരാണ്. ജമാഅത്തിൽ വിവിധ ഘട്ടങ്ങൾ വന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് തന്റെ വിജയ ലക്ഷ്യത്തിലേക്കുള്ള മാർഗത്തിൽ ധൃതഗതിയിൽ കുതിച്ചു കൊണ്ടിരിക്കുകയാണ്. ഒരു രാജ്യത്ത് ശത്രുക്കൾ മർദ്ദനങ്ങളും അക്രമങ്ങളും കൊണ്ട് ദുരിതപൂർണമാക്കാൻ ശ്രമിക്കുമ്പോൾ മറ്റൊരു രാജ്യത്ത് അല്ലാഹു വിജയത്തിന്റെ അഭൂതപൂർവങ്ങളായ മാർഗങ്ങൾ തുറന്നു തരുന്നു. മാത്രമല്ല ജീവിതം ദുസ്സഹമാക്കിയിരിക്കുന്ന രാജ്യത്തെ ജമാഅത്തംഗങ്ങളുടെ വിശ്വാസങ്ങളെ സുദൃഢമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്റെ എല്ലാ ദൗർബല്യങ്ങളും ഉണ്ടായിട്ടുകൂടി എപ്രകാരമാണ് അല്ലാഹു ജമാഅത്തിന്റെ വിജയങ്ങളുടെ രാജമാർഗത്തിലൂടെ മുന്നോട്ട് നയിക്കുന്നതെന്ന് കാണുമ്പോൾ അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ കൂടുതൽ ദൃഢമായ വിശ്വാസം ജനിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലുള്ള വിശ്വാസം കൂടുതൽ പരിപൂർണ്ണമാകുന്നു. നിശ്ചയമായും അല്ലാഹുവിന്റെ കരങ്ങൾ തന്നെയാണ് ജമാഅത്തിനെ മുന്നോട്ട് നയിക്കുന്നത്. അല്ലാഹു ആരെയാണോ ഖലീഫയായി തിരഞ്ഞെടുക്കുന്നത് അദ്ദേഹത്തിന്റെ അവസ്ഥ എ ന്താണെങ്കിലും അല്ലാഹു തന്റെ സഹായങ്ങൾ വർഷിച്ചു കൊണ്ടിരിക്കുന്നതാണ്. إن شاء الله അഞ്ചാം ഖിലാഫത്ത് സ്ഥാപിതമായതോടൊപ്പം തന്നെ അല്ലാഹു തന്റെ പ്രവർത്തനസാക്ഷ്യത്തെയും വെളിപ്പെടുത്തുകയുണ്ടായി. അതായത് നബിതിരുമേനി(സ)യുടെ പ്രവചനവും, ഇസ്‌ലാമിന്റെ പുനർജീവനത്തിന്റെ കാലഘട്ടത്തിൽ ഖിലാഫത്ത് ശാശ്വതമായിരിക്കണമെന്ന നബി(സ) യുടെ സത്യദാസന്റെ വചനവും നിശ്ചയമായും അല്ലാഹുവിന്റെ വിധിയാണ്. ഭാവിയിലും ഈ വ്യവസ്ഥിതി അല്ലാഹുവിന്റെ അനുഗ്രഹത്താൽ നില നിൽക്കുന്നതാണ്.

എന്നാൽ ഖിലാഫത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവരുടെ ചില അടയാളങ്ങളും അല്ലാഹു പറഞ്ഞിട്ടുണ്ട്. ഞാൻ പാരായണം ചെയ്ത സൂക്തങ്ങളിൽ അല്ലാഹു അതിന്റെയെല്ലാം വിവരണങ്ങൾ നൽകുന്നുണ്ട്. ഇത് ഖിലാഫത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവർക്ക് അനിവാര്യമാകുന്നു. അല്ലാഹു പറയുന്നു, തീരുമാനം കൽപ്പിക്കുന്നതിനായി വിശ്വാസികളെ അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കുമ്പോൾ അവരുടെ മറുപടി ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്നായിരിക്കും. പറയുന്നു, ഇവർ തന്നെയാണ് വിജയികൾ. ഇവിടെ ആരാധനകളുടെയും കേവലം ദീനി കാര്യങ്ങളുടെയും പരാമർശം മാത്രമല്ല ഉള്ളത്. മറിച്ച് വിശുദ്ധ ഖുർആന്റെ വാദം ഇതിൽ എവിടെയെല്ലാം അല്ലാഹുവിനോടുള്ള കടമകളെ കുറിച്ചുള്ള വിവരണമുണ്ടോ അവിടെയെല്ലാം ദാസരോടള്ള കടമകളുടെയും വിവരണമുണ്ടെന്നതാണ്. സാമൂഹിക വ്യവസ്ഥിതിയെ കുറിച്ചുള്ള വിവരണമുണ്ട്. ഭരണ വ്യവസ്ഥിതിയെ കുറിച്ചുള്ള വിവരണവുമുണ്ട്.

വിശുദ്ധ ഖുർആൻ ഒരു പരിപൂർണ ജീവദായക ഗ്രന്ഥമാകുന്നു. തങ്ങളുടെ ഭൗതിക പ്രശ്നങ്ങളിൽ, കലഹങ്ങളിൽ ജമാഅത്ത് വ്യവസ്ഥിതിയെ നിരാകരിച്ചുകൊണ്ട് ഭൗതിക കോടതികളിലേക്ക് പോകുന്നവർക്കും ഇതിൽ മുന്നറിയിപ്പുണ്ട്. ശരീഅത്തിനെയും നിയമങ്ങളെയും മുന്നിൽ വെച്ച് കൊണ്ട് കാര്യങ്ങൾ പറഞ്ഞ് ധരിപ്പിക്കുവാനാണ് ജമാഅത്ത് വ്യവസ്ഥിതി ശ്രമിക്കാറുള്ളത്. പ്രത്യേകിച്ച് കുടുംബ പ്രശ്നങ്ങളും ഭാര്യാഭർതൃതർക്കങ്ങളും അത് പോലെ മറ്റ് പല പ്രശ്നങ്ങളും.

ജമാഅത്ത് വ്യവസ്ഥിതിയിൽ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതല്ല എന്ന് പറഞ്ഞ് തിരസ്ക്കരിക്കുകയും പിന്നീട് കോടതികളിൽ നിന്ന് അവർക്ക് പരാജയമോ അല്ലെങ്കിൽ പ്രതീക്ഷിച്ച ലാഭമോ ലഭിക്കാതെ വരുമ്പോൾ അവർ ജമാഅത്തിലേക്ക് മടങ്ങുന്നു എന്നതിൽ നിന്നും അവരുടെ ദുർഭാവനയെ കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു. ഒരാളുടെ ദൗർബല്യത്തേയും വിശ്വാസത്തെയും വെളിപ്പെടുത്തുന്നത് ഇത്തരം അവസ്ഥകളാണ്. അല്ലാഹു പറയുന്നു, തങ്ങളുടെ പ്രശ്നങ്ങളിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും തീരുമാനത്തിനനുസരിച്ച് തീർപ്പ് കൽപ്പിക്കുന്നവനാണ് യഥാർത്ഥ വിശ്വാസി. തങ്ങളുടെ തീരുമാനം അല്ലാഹുവിന്റെയും റസൂലിന്റെയും തീരുമാനങ്ങൾക്ക് അനുഗുണമാക്കുവാനാണ് ജമാഅത്ത് വ്യവസ്ഥിതി ശ്രമിക്കുന്നത്. അങ്ങിനെയാണ് വേണ്ടതും. ചില അവസരങ്ങളിൽ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് ഖുർആനും സുന്നത്തിനും അനുസരിച്ച് തീരുമാനം കല്പിക്കാത്ത ജമാഅത്ത് വ്യവസ്ഥിതിയുടെ വിഭാഗത്തിന് ഞാൻ താക്കീത് നൽകുകയാണ്. അവർ തെറ്റുകാരാകുന്നതോടൊപ്പം തന്നെ ജമാഅത്ത് വ്യവസ്ഥിതിയിൽ നിന്നും ഖിലാഫത്തിൽ നിന്നും മറ്റുള്ളവരെ അകറ്റുന്നതിന് കാരണക്കാരുമാകുന്നു. നീതിയലിധിഷ്ഠിതമായിക്കൊണ്ട് ജനങ്ങൾക്കിടയിൽ തീർപ്പ് കല്പിക്കുന്ന ജോലിയും അല്ലാഹു ഖിലാഫത്തിന് നൽകിയിട്ടുണ്ട്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് വളരെയധികം വിശാലത കൈവരിച്ചിട്ടുണ്ട്. അതിനാൽ കാലത്തിന്റെ ഖലീഫക്ക് എല്ലായിടത്തും എത്തിച്ചേരുന്നതും എല്ലാ പ്രശ്നങ്ങളേയും നേരിട്ട് കൈകാര്യം ചെയ്യുന്നതും അസാധ്യമാണ്. ഭാവിയിൽ കൂടുതൽ വിശാലത കൈവരിക്കുന്നതിനോടൊപ്പം അക്കാര്യത്തിൽ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടായിരിക്കുന്നതുമാണ്. അതിനാൽ ചുമതലപ്പെടുത്തിയിരിക്കുന്നവരും ഭാരവാഹികളും അല്ലാഹുവിനെ ഭയന്നു കൊണ്ട് സൂക്ഷ്മതയോടു കൂടി തീരുമാനം കൽപ്പിക്കുന്നില്ലെങ്കിൽ അവർ കാലത്തിന്റെ ഖലീഫയ്ക്ക് ദുഷ്പേരുണ്ടാക്കുന്നവരായിരിക്കും.

അല്ലാഹുവിന്റെ പക്കൽ സ്വയം കുറ്റക്കാരനാകുന്നതോടൊപ്പം കാലത്തിന്റെ ഖലീഫയെ കുറ്റക്കാരനാക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ പ്രത്യേകിച്ച് ഖാളിമാരും തീരുമാനം കല്പിക്കാനായി ഉത്തരവാദപ്പെടുത്തപ്പെട്ട ഭാരവാഹികളും അമീറുമാരും നീതിയിൽ നിലനിന്നുകൊണ്ട് ഖിലാഫത്തിന്റെ സുദൃഢതയ്ക്ക് കാരണക്കാരനാകുന്നതിനായി ശ്രമിക്കേണ്ടതുണ്ട്. ഖിലാഫത്തിന്റെ സുദൃഢതയ്ക്ക് കാരണക്കാരാകുന്നില്ലെങ്കിൽ പ്രത്യക്ഷത്തിൽ ഭാരവാഹികളായ ഇവർ തന്നെയാണ് ഖിലാഫത്തിന്റെ തായ്വേര് നശിപ്പിക്കാൻ ശ്രമിക്കുന്നവർ.

പരിപൂർണ്ണമായും അല്ലാഹുവിന്റെതായിത്തീരുകയും അവന്റെ ഭയഭക്തിയെ സ്വീകരിക്കുകയും ചെയ്യുന്നവരെ അല്ലാഹു വിജയിപ്പിക്കുന്നതാണ്. അവർ ജമാഅത്ത് വ്യവസ്ഥിതിയെയും ഖിലാഫത്ത് വ്യവസ്ഥിതിയേയും പരിപൂർണ്ണമായി അനുസരിച്ച് കൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ തലകുനിച്ച് നിൽക്കുന്നവരായിരിക്കും.

ഇവിടെ ഞാൻ എല്ലാ ഭാരവാഹികളോടും, ഖാളിമാരുൾപ്പെടെ തീരുമാനം കൽപിക്കുവാൻ ചുമതലപ്പെടുത്തിയവരോടും പറയാൻ ആഗ്രഹിക്കുന്നത്, നിങ്ങളും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപനയ്ക്കനുസരിച്ച് പ്രവർത്തിക്കുക. നിങ്ങളെ നീതിയിൽ നിന്നകറ്റുന്നതോ, സൂക്ഷ്മതയിൽ നിന്നകന്നതോ ആയ ഒന്നും തന്നെ പറയരുത്. കാലത്തിന്റെ ഖലീഫയുടെ പ്രാതിനിധ്യത്തെ ശരിയായ നിലയിൽ നിറവേറ്റുന്നതിനായി പരിശ്രമിക്കുക. അല്ലായെങ്കിൽ പിടിക്കപ്പെടുന്ന ഒരു സമയം വരുന്നതാണ്. ഭൗതിക നടപടികൾക്കൊപ്പം അല്ലാഹുവിന്റെ കോപത്തിനും പാത്രമാകുന്നതാണ്. അതിനാൽ എല്ലാ ഭാരവാഹികളും ഭയപ്പെടേണ്ട സന്ദർഭമാണിത്. കേവലം ഭാരവാഹിയാകുക എന്നതല്ല ഭാരവാഹിത്വം, മറിച്ച് അതൊരു വലിയ ഉത്തരവാദിത്വമാകുന്നു.

തുടർന്ന് അല്ലാഹു പറയുന്നു, അഥവാ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് വാദമുണ്ടെങ്കിൽ, അവന്റെ റസൂലിനെ വിശ്വസിക്കുന്നു എന്ന വാദമുണ്ടെങ്കിൽ, മസീഹ് മൗഊദ്(അ)ൽ വിശ്വസിക്കുന്നു എന്ന വാദമുണ്ടെങ്കിൽ, ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്ന വാദമുണ്ടെങ്കിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും എല്ലാ കല്പനകളെയും പ്രാവർത്തികമാക്കുക. കാലത്തിന്റെ ഇമാം നിങ്ങളോട് പറഞ്ഞത് പ്രാവർത്തികമാക്കുക. കാലത്തിന്റെ ഖലീഫയിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളെ പ്രവർത്തിപഥത്തിൽ കൊണ്ടുവരിക. അതില്ലെങ്കിൽ നിങ്ങളുടെ ശപഥം ചെയ്യലും, ഞങ്ങൾ അതു ചെയ്യും ഇത് ചെയ്യും എന്നുള്ള വീരവാദങ്ങളും നിരർത്ഥകങ്ങളാണ്.

അല്ലാഹുവിന് നിങ്ങളുടെ ഹൃദയങ്ങളുടെ അവസ്ഥ അറി

യാം. നിങ്ങൾ എന്താണ് പറയുന്നതെന്നും എന്താണ് ചെയ്യുന്നതെന്നും അവനറിയുന്നു. കാലത്തിന്റെ ഖലീഫയുടെ എല്ലാ തീരുമാനങ്ങളേയും അനുസരിക്കൽ ബാധ്യതയാണെന്ന് മനസ്സിലാക്കുന്നതാണെന്ന് എല്ലാ ഇജ്തിമാകളിലും ഏറ്റ് പറയുന്നു. എന്നാൽ ചില നിസ്സാരകാര്യങ്ങളിൽ പോലും നിഷ്കർഷത പാലിക്കുന്നില്ല. മാത്രമല്ല വിശുദ്ധഖുർആന്റെ കല്പനകളെ അനുസരിക്കാൻ ശ്രമിക്കുന്നില്ല. ഏറ്റവും കുറഞ്ഞ നിലവാരം കരസ്ഥമാക്കാൻ പോലും ശ്രമിക്കുന്നില്ല.

ഞാനൊരു ഉദാഹരണം നൽകാം. ഇവിടെ സ്ത്രീകളുടെ ജൽസ നടന്നു. പല കാര്യങ്ങളുമുണ്ട്. മറ്റ് ചില കാര്യങ്ങളും മുന്നിൽ വന്നേക്കാം. ഏതായാലും സ്ത്രീകളുടെ ഉദാഹരണമാണ് ഇപ്പോൾ എന്റെ മുന്നിലുള്ളത്. ഈ പാശ്ചാത്യ നാടുകളിൽ വസിക്കുന്ന നമ്മുടെ ഓരോ സ്ത്രീയുടേയും വസ്ത്രം ലജ്ജയിലധിഷ്ഠിതമായ വസ്ത്രമായിരിക്കണമെന്നതിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിച്ചിരുന്നു. ഹിജാബ് കൊണ്ട് എപ്പോഴും തങ്ങളെ മറക്കണമെന്നും പറഞ്ഞിരുന്നു. ഇത് വിശുദ്ധ ഖുർആന്റെ കല്പനയാണ്. ഇത് നിസാര കല്പനയല്ല. വിശേഷ കൽപനയായിട്ടാണ് ഖുർആനിൽ വന്നിട്ടുള്ളത്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. എന്നാൽ അല്പനേരത്തിനു ശേഷം ഞാൻ കാണുന്നത്, ഇതിലേക്കാരും ശ്രദ്ധിക്കുന്നില്ല എന്നതാണ്. മാത്രമല്ല ചില സ്ത്രീകൾ അവരുടെ പർദ പള്ളിയിലുപേക്ഷിച്ച് പോയതായും കാണാൻ കഴിഞ്ഞു. ഒരു പക്ഷേ അവർക്ക് ലജ്നകൾ ബലമായി ഹിജാബ് ധരിപ്പിച്ചതായിരിക്കാം, ലജ്നകളിൽ നിന്ന് ലഭിച്ച പർദയായിരിക്കാം. വൃത്തിയാക്കുന്നവർ അത് ഒരുമിച്ച് കൂട്ടുന്നുണ്ടായിരുന്നു. ലജ്ജയുടെ കല്പന സ്ത്രീകൾക്കും പുരുഷന്മാർക്കും ഉണ്ട്. എന്നാൽ സ്തീകളോട് ഹദ്റത് മസീഹ് മൗഊദ്(അ) പ്രത്യേകിച്ച് പറഞ്ഞിട്ടുള്ളത് അവർ സ്വയം സംരക്ഷിക്കുക എന്നാണ്. കാരണം പുരുഷന്മാരുടെ ദൃഷ്ടികൾ കടിഞ്ഞാണില്ലാത്തതാണ്. ഈ കല്പന രണ്ടു കൂട്ടരുടേയും നന്മയ്ക്കായിട്ടാണ് നൽകിയിട്ടുള്ളത്. ഇതിൽ ആർക്കും യാതൊരു ചെലവുമില്ല, പരിശ്രവുമില്ല. ഭൗതികത മുൻപന്തിയിലായ കാരണത്താൽ ഇതിലേക്കാരും ശ്രദ്ധിക്കുന്നില്ല. അല്ലാഹു പറയുന്നു. നിങ്ങൾ പ്രവർത്തിച്ചാൽ വിജയിക്കുന്നതാണ്. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹു പറയുന്നു, റസൂലിന്റെ ജോലി സന്ദേശം എത്തിക്കുക എന്നതാണ്. അല്ലാഹുവിന്റെ കല്പനകളെ വ്യക്തമായി കേൾപ്പിക്കുക എന്നതാണ്. അതിനനുസരിച്ച് പ്രവർത്തിച്ചാൽ നേർമാർഗം കരസ്ഥമാക്കുന്നവരാകും. ബയ്അത്തിന്റെ കടമ പൂർത്തിയാക്കുന്നവരിൽ ഉൾ പ്പെടുന്നതാണ്. അല്ലായെങ്കിൽ അല്ലാഹുവിന് സ്വയം അറിയാം. അഹ്മദിയായി അല്ലെങ്കിൽ അവരുടെ വീട്ടിൽ ജനിച്ചു എന്നതിൽ മാത്രം സന്തോഷിക്കേണ്ട. ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, 'സൽക്കർമങ്ങളില്ലായെങ്കിൽ കേവലം എന്റെ ബയ്അത്ത് യാതൊരു പ്രയോജനവും ചെയ്യുന്നതല്ല.' നമസ്കാരം ഒരു അടിസ്ഥാന കൽപനയാണ്. മനുഷ്യന്റെ ജീവിതലക്ഷ്യമായി അല്ലാഹു പറഞ്ഞിതാണിത്. എന്നാൽ ഇതിലും നമ്മുടെ നല്ല പ്രവർത്തകർ അലസത കാണിക്കുന്നുണ്ട്. ചില ഭാരവാഹികൾ അവർ വളരെ ഊർജ്ജസ്വലരായിരിക്കും. ഇവിടെ വരുമ്പോൾ വളരെ ഭയഭക്തിയോടെ നമസ്കരിക്കും. എന്നാൽ അവരുടെ ഭാര്യമാർ പറയുന്നത് അവർ വീട്ടിൽ നമസ്കരിക്കാറില്ല എന്നാണ്. അപ്പോൾ അല്ലാഹുവിന്റെ ഒരു സുപ്രധാന കല്പന അനുസരിക്കുന്നില്ലായെങ്കിൽ ഞങ്ങൾ അതുചെയ്യും ഇതു ചെയ്യും എന്ന വാദം തന്നെ വ്യർഥമാണ്. ആദ്യം സ്വന്തം അവസ്ഥയെ നേരെയാക്കുക. പിന്നീട് അല്ലാഹുവിന്റെ എല്ലാ കല്പനകളേയും അനുസരിക്കുന്ന അവസ്ഥയിലെത്തുമ്പോഴാണ്, അല്ലാഹുവിന്റെ സംതൃപ്തിയെ കരസ്ഥമാക്കുന്നതിനായി ഒരു പ്രത്യേക ശ്രമമുണ്ടാകുമ്പോഴാണ്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്ന കടമ നിർവഹിക്കുന്ന വിശ്വാസി എന്ന് പറയപ്പെടാൻ സാധിക്കുക. അങ്ങിനെയാകുമ്പോൾ വിശ്വാസത്തിൽ ഉന്നതി പ്രാപിക്കാനുള്ള ശ്രമമുണ്ടാകും, സൽകർമങ്ങളനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകും. അപ്പോഴാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നവരായി മാറുന്നത്. വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും, ആരാധന നിർവഹിക്കുകയും, എല്ലാ സൃഷ്ടിപൂജകളിൽ നിന്ന് അകന്നിരിക്കുകയും, ഖിലാഫത്തിന്റെ രൂപത്തിൽ അവർക്ക് ലഭിച്ച അനുഗ്രഹത്താൽ കൃതജ്ഞത കാണിക്കുകയും ചെയ്യുന്നവർക്കാണ് അല്ലാഹു വാഗ്ദാനം നൽകിയിരിക്കുന്നത്. ഖിലാഫത്തിൽ നിന്ന് അവർക്കാണ് അനുഗ്രഹം ലഭ്യമാകുക. അവരുടെ ഭയത്തെയാണ് അല്ലാഹു സമാധാനത്തിലേക്ക് പരിവർത്തിക്കുക.

അഹ്മദിയത്തിൽ അല്ലാഹു ഈ വ്യവസ്ഥിതി നടപ്പിലാക്കി. മറ്റൊരിടത്തും ഈ വ്യവസ്ഥിതി നടപ്പിലാകുന്നതല്ല.

അഹ്മദികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭാഗ്യവാന്മാരാണ്. ഹദ്റത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച കാരണത്താൽ ഖിലാഫത്തിന്റെ അനുഗ്രഹത്തിൽ പങ്കാളികളായി. എന്നാൽ അല്ലാഹുവിന്റെ വാഗ്ദാനം സോപാവികമാണെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. ഈ നിബന്ധനകൾ പൂർത്തിയാകുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ പരിണിതഫലം ലഭ്യമാകുന്നു.

ഭയത്തിന്റെ അവസ്ഥയും സമാധാനത്തിലേക്ക് മാറുന്നതാണ്. ജമാഅത്തംഗങ്ങൾ ഇത് നിരവധി തവണ കണ്ടിട്ടുള്ളതാണ്. ഇക്കാലഘട്ടത്തിൽ എങ്ങിനെയാണ് അല്ലാഹു അഹ്മദികളുടെ സമാധാനത്തിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതെന്ന് അന്യരും കാണുകയുണ്ടായി. ഇത് രാത്രി 11 മണിക്കും കാണാൻ കഴിയുന്നു. ഞാനിത് മുമ്പു പല തവണ പരാമർശിച്ചിട്ടുള്ളതാണ്. അഞ്ചാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനു മുമ്പ് അഹ്മദികളുടെ അവസ്ഥ അന്യർക്കും അനുഭവിച്ചറിയാൻ കഴിഞ്ഞിരുന്നു. ജമാഅത്തിന്റെ അവസ്ഥ എന്താകുമെന്ന് കാണാം എന്ന പ്രതീക്ഷയിലായിരുന്നു ചിലർ. എന്നാൽ അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) നോട് ചെയ്ത വാഗ്ദാനം വളരെ പ്രൗഢഗംഭീരമായ നിലയിൽ പൂർത്തിയാകുകയുണ്ടായി. അത് കണ്ട് ലോകം അന്താളിച്ചു പോയി. എം.ടി.എ കാരണത്താൽ ഭയത്തിനു പകരമായി എങ്ങിനെയാണ് സമാധാനം ലഭിച്ചത് എന്ന് അന്യരും കണ്ടു. നമ്മുടെ ഒരഹ്മദിയുടെ സുഹൃത്തായ ഒരനഹ്മദി പറയുകയുണ്ടായി, നിങ്ങൾ സത്യവാന്മാരാണെന്ന് ഞാൻ പറയില്ല. എന്നാൽ ഈ രംഗങ്ങൾ കാണുമ്പോൾ അല്ലാഹുവിന്റെ പ്രവർത്തനസാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ സഹായം നിങ്ങളോടൊ

പ്പമുണ്ട്. എന്നാൽ വിശ്വസിക്കില്ല. എല്ലാം കണ്ടിട്ടും സ്വന്തം ദുർവാശിയിലും ശാഠ്യത്തിലും നില കൊള്ളുന്നവരും ഉണ്ട്. പാക്കിസ്ഥാനിൽ ഇക്കാലത്ത് നടമാടിക്കൊണ്ടിരിക്കുന്ന അക്രമപരമ്പര വെളിപ്പെടുത്തുന്നത് അഹ്മദികൾ അഭിവൃദ്ധിക്ക് മേൽ അഭിവൃദ്ധി കൈവരിച്ചു കൊണ്ടിരിത്തുന്നു എന്നാണ്. അവരുടെ മൈതാനം വിശാലമായി കൊണ്ടിരിക്കുകയാണ്. അവരെ ഇല്ലാതാക്കാൻ ശ്രമിച്ചിട്ടും ഇല്ലാതാകുന്നില്ല. എങ്ങിനെയാണ് ഇവരെ നശിപ്പിക്കുക എന്ന ചിന്തയിലാണ്. എന്നാൽ അവരോട് ഞാൻ പറയുകയാണ്; അല്ലയോ അഹ്മദിയ്യത്തിന്റെ ശത്രുക്കളെ! ഞങ്ങളുടെ രക്ഷാധികാരിയും വഴികാട്ടിയും സർവ്വശക്തിക്കളുടെയും അധിപതനായ അല്ലാഹുവാകുന്നു. അവൻ നിങ്ങൾക്കൊരിക്കലും വിജയം നൽകുന്നതല്ല. ഇസ്‌ലാമിന്റെ പുരോഗതി ഹദ്റത് മസീഹ് മൗഊദ് (അ) മായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. നബി തിരുമേനി (സ) യുടെ പതാക ഇനി ലോകത്ത് മസീഹ് മൗഊദിന്റെ ദാസരായിരിക്കും പാറിപ്പറത്തുക. പ്രവാചകപാതയിലുള്ള ഖിലാഫത്തിൽ ദൃഢവിശ്വാസമുള്ളവരാണ് പാറിപ്പറത്തുക. ഇത് ഖിലാഫത്തുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇത് ജമാഅത്തിന്റെ കണ്ണികളിലാണ് കോർക്കപ്പെട്ടിരിക്കുന്നത്. അവർ അല്ലാഹുവിന്റെ പരാമർശത്തെയാണ് പിടിച്ചിരിക്കുന്നത്. അതിനാൽ നിങ്ങളുടെ ഒരു പരിശ്രമത്തിനും, ഒരു ദ്രോഹത്തിനും, ഒരു അക്രമത്തിനും, ഒരു ഭരണകൂടത്തിന്റെ പിൻബലത്തിനും അഹ്മദിയ്യാ ഖിലാഫത്തിനെ അതിന്റെ ലക്ഷ്യസ്ഥാനത്ത് നിന്ന് അകറ്റാൻ സാധിക്കില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയെ തടയാൻ സാധ്യമല്ല.

ഞാൻ പറഞ്ഞതു പോലെ സൂക്ഷ്മത കൈക്കൊള്ളുകയും, ആരാധനകളെ നിലനിർത്തുകയും, സാമ്പത്തിക ത്യാഗത്തിൽ മുന്നേറുകയും ചെയ്യുന്നത് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ വർഷിക്കുന്നതിന് കാരണമാകുമെന്നത് ജമാഅത്തംഗങ്ങളും ഓർക്കേണ്ടതാണ്. അതിനായി കഠിനപ്രയത്നം എല്ലാവർക്കും അനിവാര്യമാണ്. എങ്കിൽ മാത്രമെ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അവകാശികളാകുകയുള്ളു. ഖിലാഫത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർക്കും, ജമാഅത്തുമായി ബന്ധപ്പെട്ടു നിൽക്കാൻ ആഗ്രഹിക്കുന്നവർക്കും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടി ഹദ്റത് മസീഹ് മൗഊദ്(അ) 'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള ചില ഉദ്ധരണികൾ ഞാൻ ഇനി കേൾപ്പിക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് പറയുന്നു, 'അനുകമ്പ കാണിച്ചു കൊണ്ടും ആത്മാക്കളെ പവിത്രപ്പെടുത്തി കൊണ്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ അംശം സ്വംശീകരിക്കേണ്ടതാണ്. കാരണം പരിശുദ്ധാത്മാവ് ഇല്ലാതെ കണ്ട് യഥാർത്ഥ ദൈവഭക്തി കരസ്ഥമാക്കാൻ സാധ്യമല്ല. ദൈവപ്രീതി കരസ്ഥമാക്കുന്നതിന് ശാരീരിക ഇഛകൾ പരിപൂർണ്ണമായും പരിത്യജിച്ച് ഏറ്റവും ഇടുങ്ങിയ മാർഗം സ്വീകരിക്കേണ്ടതാണ്. അല്ലാഹുവിൽ നിന്ന് അകറ്റിക്കളയുന്ന ലൗകിക സുഖഭോഗങ്ങളിൽ വഞ്ചിതരാകരുത്. അല്ലാഹുവിന് വേണ്ടി കയ്പ്പേറിയ ജീവിതം വരിക്കുക. അല്ലാഹുവിന്റെ തൃപ്തി സംപ്രീതമാകുന്ന വേദന, അവൻ അനിഷ്ടപ്പെടുന്ന ആനന്ദത്തേക്കാൾ ഉത്തമമാണ്. ദൈവപ്രീതി ലഭ്യമാക്കുന്ന പരാജയം ദൈവകോപത്തിന് കാരണമാകുന്ന വിജയത്തേക്കാൾ ശ്രേഷ്ഠമാണ്. ദൈവകോപത്തിലേക്ക് അടുപ്പിക്കുന്ന സ്നേഹത്തെ വർജിക്കുക. പരിശുദ്ധ ഹൃദയത്തോടു കൂടി അവനിലേക്ക് അടുക്കുകയാണെങ്കിൽ അവൻ എല്ലാ മാർഗങ്ങളിലും നിങ്ങളെ സഹായിക്കുന്നതായിരിക്കും. നിങ്ങൾക്ക് നഷ്ടം വരുത്താൻ ഒരു ശത്രുവിനും സാധിക്കുകയില്ല. നിങ്ങൾക്ക് മുന്നിൽ മരണത്തിന്റെ ദൃശ്യം പ്രകടമാകും വിധം നിങ്ങൾ നിങ്ങളുടെ തൃപ്തികളേയും നിങ്ങളുടെ സുഖാനുഭൂതികളെയും നിങ്ങളുടെ അന്തസിനെയും നിങ്ങളുടെ സമ്പത്തിനെയും നിങ്ങളുടെ ജീവനെ പോലും ത്യജിച്ചു കൊണ്ട് അവന്റെ പാതയിൽ കയ്പ്പേറിയ ജീവിതം നയിക്കുന്നതു മുഖേനയല്ലാതെ നിങ്ങൾക്ക് മറ്റ് വിധത്തിലൊന്നും ദൈവപ്രീതി കരസ്ഥമാക്കാൻ സാധിക്കില്ല. എന്നാൽ ഈ പ്രയാസങ്ങൾ സഹിക്കുകയാണെങ്കിൽ നിങ്ങൾ ഒരു ഓമനപൈതലിനെ പോലെ ദൈവത്തിന്റെ മടിത്തട്ടിൽ വന്നു ചേരുന്നതാണ്. നിങ്ങൾ മുൻപ് കഴിഞ്ഞുകടന്ന ഭക്തന്മാരുടെ അന്തരാവകാശികളാക്കപ്പെടുന്നതുമാണ്. സർവ വിധ അനുഗ്രഹങ്ങളുടെയും കവാടങ്ങൾ നിങ്ങൾക്ക് മേൽ തുറക്കപ്പെടുന്നതാണ്. പക്ഷേ ഇത്തരക്കാർ വളരെ വിരളമാണ്!

അല്ലാഹു എന്നെ സംബോധനം ചെയ്തു കൊണ്ട് പറഞ്ഞു, തഖ്‌വ (ഭയഭക്തി) എന്ന ചെടി ഹൃദയത്തിലാണ് നടേണ്ടത്. തഖ്‌വ പരിപോഷിപ്പിക്കപ്പെടുന്ന വെള്ളം കൊണ്ടുതന്നെയാണ് മുഴുവൻ തോട്ടവും സേചനം ചെയ്യപ്പെടുന്നത്. തഖ്‌വയുടെ തായ്‌വേര് ഇല്ലെങ്കിൽ സർവവും നിഷ്ഫലമാണ്. അത് നിലനിൽക്കുകയാണെങ്കിൽ എല്ലാം നിലനിൽക്കുന്നതുമാണ്. സത്യാധിഷ്ഠിതമല്ലാത്ത, നാവ് കൊണ്ട് മാത്രം ദൈവത്തെ അന്വേഷിക്കുന്നുവെന്ന നിരർത്ഥകമായ വാദം കൊണ്ട് മനുഷ്യന് എന്ത് പ്രയോജനമാണ് ഉള്ളത്? നോക്കുക, ഞാൻ സത്യമായും പറയുന്നു, ദീനിന്റെ കൂടെ ഭൗതിക കലർത്തുന്നവൻ നാശമടഞ്ഞവനാകുന്നു. ആരുടെ ഉദ്ദേശ്യങ്ങളാണോ പൂർണ്ണമായും അല്ലാഹുവിനല്ലാതെ കുറച്ച് അല്ലാഹുവിനും കുറച്ച് ഭൗതികതയ്ക്കുമായുള്ളത് അത്തരം ആത്മാക്കളോട് നരകം വളരെ സമീപസ്ഥമാണ്. ഭൗതികതയുടെ ഒരു അണുമാത്രയെങ്കിലും തങ്ങളുടെ ഉദ്ദേശ്യത്തിൽ ചേർത്തിട്ടുണ്ടെങ്കിൽ നിങ്ങളുടെ എല്ലാ ആരാധനകളും വ്യർത്ഥമാകുന്നു.'

പറയുന്നു, 'നിങ്ങൾ യഥാർത്ഥത്തിൽ സ്വയം മരണം വരിക്കുകയാണെങ്കിൽ നിങ്ങൾ ദൈവത്തിൽ വെളിപ്പെടുകയും കൂടാതെ ദൈവം നിങ്ങളോടൊപ്പമുണ്ടായിരിക്കുന്നതുമാണ്. നിങ്ങൾ താമസിക്കുന്ന ഭവനം അനുഗ്രഹീതമായിരിക്കും. അതിന്റെ ചുമരുകൾക്കുമേൽ ദൈവകാരുണ്യം വർഷിക്കപ്പെടുന്നതുമാണ്. ഇത്തരം വ്യക്തി താമസിക്കുന്ന പട്ടണവും അനുഗ്രഹപൂർണമായിരിക്കും. നിങ്ങളുടെ ജീവിതവും നിങ്ങളുടെ മരണവും നിങ്ങളുടെ ഓരോ ചലനവും നിങ്ങളുടെ ലാളിത്യവും നിങ്ങളുടെ തീക്ഷണതയും അല്ലാഹുവിന് വേണ്ടി മാത്രമായിത്തീരുകയും എല്ലാ വിധ ആപത്ഘട്ടങ്ങളിലും ബുദ്ധിമുട്ടുകളിലും നിങ്ങൾ ദൈവത്തെ പരീക്ഷിക്കാനൊരുങ്ങാതെ അവനുമായിബന്ധം വിഛേദിക്കാതെ മുന്നോട്ടു ഗമിക്കുകയാണെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ ഒരു പ്രത്യേക സമുദായമായിത്തീരുന്നതാണെന്ന് ഞാൻ തികച്ചും സത്യമായി പറയുന്നു. ഞാനൊരു മനുഷ്യനായിരിക്കുന്നത് പോലെ നിങ്ങളും മനുഷ്യനാകുന്നു. എന്റെ ദൈവം തന്നെയാകുന്നു നിങ്ങളു

ടെയും ദൈവം. ആയതിനാൽ നിങ്ങൾ നിങ്ങളുടെ പരിശുദ്ധ ശക്തികളെ നഷ്ടപ്പെടുത്തിക്കളയരുത്. നിങ്ങൾ അല്ലാഹുവിങ്കലേക്ക് കുനിയുകയാണെങ്കിൽ നോക്കുക, നിങ്ങൾ അവന്റെ ഒരു ഭക്ത സമുദായമായിത്തീരുമെന്ന് അവന്റെ ഇംഗിതമനുസരിച്ച് ഞാൻ നിങ്ങളോട് പറയുന്നു. ദൈവത്തിന്റെ പ്രതാപം സ്വന്തം ഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കുക. അവന്റെ ഏകത്വത്തിന്റെ ശപഥം വാക്കാൽ മാത്രമല്ല, പ്രവൃത്തിയിലൂടെയും ചെയ്തുകാണിക്കുവിൻ! അങ്ങിനെയായാൽ അല്ലാഹുവും അവന്റെ അനുഗ്രഹാശിസുകളും പ്രാവർത്തിക രൂപേണ നിങ്ങളുടെ മേൽ പ്രകടമാകുന്നതാണ്. വിദ്വേഷത്തിൽ നിന്ന് വിട്ടു നിൽക്കുക. മുഴു മനുഷ്യകുലത്തോടും സത്യസന്ധമായ അനുകമ്പയോടു കൂടി പെരുമാറുക. നന്മയുടെ എല്ലാ വഴികളും സ്വായത്തമാക്കുക. ഏത് മാർഗത്തിലൂടെയാണ് നിങ്ങൾ സ്വീകരിക്കപ്പെടുക എന്നത് അറിയില്ലല്ലോ?

ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുന്നു. ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള രംഗം ഒഴിഞ്ഞു കിടക്കുകയാണ്. എല്ലാ ഓരോ സമുദായവും ഭൗതികതയെ പ്രണയിച്ചു കൊണ്ടിരിക്കുകയാണ്. ദൈവം പ്രീതിപ്പെടുന്ന കാര്യങ്ങളിലേക്ക് ലോകത്തിന് ഒരു ശ്രദ്ധയും ഇല്ല. സർവ്വ ശക്തിയോടും കൂടി ഈ കവാടത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി അവരുടെ നൈപുണ്ണ്യം പ്രകടമാക്കുന്നതിനും, അല്ലാഹുവിൽ നിന്ന് പ്രത്യേക സമ്മാനം നേടുന്നതിനുമുള്ള സന്ദർഭമാണിത്.

അല്ലാഹു നിങ്ങളെ വ്യർത്ഥമാക്കുമെന്ന് നിങ്ങളൊരിക്കലും കരുതരുത്. നിങ്ങൾ ദൈവികകരങ്ങളാൽ ഭൂമിയിൽ വിതക്കപ്പെട്ട ഒരു ബീജമാകുന്നു. ഈ ബീജം വളരുകയും പുഷ്പിക്കുകയും നാനാ ഭാഗങ്ങളിലേക്ക് അതിന്റെ ശാഖകൾ പടർന്ന് പന്തലിക്കും വിധം ഒരു വട വൃക്ഷമായിത്തീരുകയും ചെയ്യുമെന്നും ദൈവം അരുൾ ചെയ്യുന്നു. ദൈവിക വചനങ്ങളിൽ വിശ്വസിക്കുകയും ഇടക്ക് വെച്ചുണ്ടാകുന്ന ആപത്തുകളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗ്രഹീതർ. എന്തു കൊണ്ടെന്നാൽ ആരാണ് ബയ്അത്തിൽ സത്യവാന്മാരെന്നും ആരാണ് അസത്യവാന്മാരെന്നും ദൈവം പരീക്ഷിക്കുന്നതിനു വേണ്ടി പരീക്ഷണങ്ങൾ ഉണ്ടാകേണ്ടതും അനിവാര്യമാണ്. ഞാൻ എന്റെ ജമാഅത്തിനെ അറിയിക്കുന്നതിനു വേണ്ടി അല്ലാഹു എന്നെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു, ഭൗതികതയുടെ കലർപില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് പൊടിപുരളാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞു പോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. ഇവരുടെ പാദങ്ങൾ സത്യത്തിൽ അധിഷ്ഠിതമാണെന്ന് അല്ലാഹു പറയുന്നു.'

അല്ലാഹു എല്ലാവർക്കും ഹദ്റത് മസീഹ് മൗഊദ്(അ)ന് തന്റെ ജമാഅത്തിനെ കുറിച്ചുള്ള പ്രതീക്ഷകളെ പൂർത്തിയാക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. അഹ്മദിയ്യാ ഖിലാഫത്തുമായി യഥാർത്ഥവും ആത്മാർത്ഥവുമായ ബന്ധം ഉണ്ടാകട്ടെ. അനുസരണയുടെ ഉന്നത നിലവാരം സ്ഥാപിക്കാനുള്ള തൗഫീഖ് നൽകട്ടെ. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് എപ്പോഴും ഫലമെടുക്കുന്നവരാകുന്നതിനു വേണ്ടി സ്വന്തം ആരാധനകളിൽ ഉന്നത നിലവാരം കരസ്ഥമാക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 May 24 at : CANADA
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: Nasarudheen A T & SHAMEEM
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**